## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.259 | 26.09.2016 ൽ മറുപടിയ്ക്ക്

### നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.നാണു<br>ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഒന്നാം വിളയ്ക്കുള്ള നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിനായി സപ്ലൈകോ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ; | (എ) | കർഷകരിൽ നിന്ന് നെല്ല് ഏറ്റെടുക്കുന്നതിനായി കർഷകർ സപ്ലൈകോയുടെ വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് 1 ന് ആരംഭിച്ചു. നാളിതുവരെ 3627 കർഷകർ 2016-17 ഒന്നാം വിളക്കായി രജിസ്റ്റർ ചെയ്തു. 2016-17 ഒന്നാം സീസണിന്റെ സംഭരണ കാലയളവ് 2016 ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെയാണ്. |
| (ബി) | സംഭരിക്കപ്പെടുന്ന നെല്ലിന്റെ വില യഥാസമയം നൽകുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | 2016-17 ഒന്നാം സീസണിൽ സംഭരിക്കുന്ന നെല്ലിന്റെ താങ്ങുവില (Minimum Support Price – MSP) ആഴ്ചതോറും നല്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കർഷകർക്ക് സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) നല്കുന്നതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ